**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4398** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഹോർട്ടി കൾച്ചറൽ മിഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഹോർട്ടി കൾച്ചറൽ മിഷന്റെ പ്രവർത്തനങ്ങൾ വെളിപ്പെടുത്തുമോ; | (എ) | കേരളത്തിലെ ഹോർട്ടിക്കൾച്ചർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം സംസ്ഥാനത്തുടനീളം വിവിധ വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഉത്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ മേഖലകളിലും ക്രിയാത്മകമായി ഇടപെടുകയും കാർഷിക രംഗത്ത് വിജയകരമായ മുന്നേറ്റത്തിന് ഊന്നൽ നൽകികൊണ്ടുള്ള പദ്ധതി നടത്തിപ്പുമാണ് മിഷൻ പ്രോത്സാഹിപ്പിച്ചു വരുന്നത്. കർഷകരുടെ വിത്ത് മുതൽ വിപണിവരെയുള്ള ആവശ്യങ്ങൾക്ക് പിന്തുണ നൽകുകയാണ് മിഷന്റെ പരമപ്രധാനമായ ലക്ഷ്യം. കൃഷി വകുപ്പ്, കാർഷിക സർവ്വകലാശാല, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം, ഹോർട്ടികോർപ്പ്, കേന്ദ്ര കാർഷിക ഗവേഷണ കൗൺസിൽ സ്ഥാപനങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ, സഹകരണ വകുപ്പ് തുടങ്ങിയവയുടെ ആഭിമുഖ്യത്തിലും കർഷകർക്ക് നേരിട്ടുമാണ് വിവിധ പദ്ധതികൾ മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഫോർ ഹോർട്ടിക്കൾച്ചർ (എം.എെ.ഡി.എച്ച്), പ്രധാനമന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.കെ.എസ്.വൈ), രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ), പരമ്പരാഗത് കൃഷി വികാസ് യോജന (പി.കെ.വി.വൈ)നാഷണൽ ഹണി മിഷൻ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളും ഹൈടെക് ഫാമിംഗ് പദ്ധതി, തേനീച്ച കർഷകർക്കുള്ള ധനസഹായ പദ്ധതി, തുടങ്ങിയ സംസ്ഥാന ആവിഷ്കൃത പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) | 2016 മുതൽ നാളിതുവരെ ഹോർട്ടികൾച്ചറൽ മിഷൻ | (ബി) | 2016 മുതൽ നാളിതുവരെ ഹോർട്ടിക്കൾച്ചറൽ മിഷൻ |

| | | | |
|---|---|---|---|
| | നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും അതിനായി ലഭിച്ച കേന്ദ്ര-സംസ്ഥാന ഫണ്ടും ഇനം തിരിച്ചും ജില്ല തിരിച്ചും വ്യക്തമാക്കുമോ? | | നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അനുബന്ധം 1ആയും അതിനായി ലഭിച്ച കേന്ദ്ര-സംസ്ഥാന ഫണ്ടും ഇനം തിരിച്ചും ജില്ല തിരിച്ചുമുള്ള വിവരങ്ങൾ അനുബന്ധം 2 ആയും ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

## **ഹോർട്ടിക്കൾച്ചർ മിഷൻ** നടത്തിയിട്ടുള്ള

## **2016 മുതൽ** നാളിതുവരെയുള്ള **പ്രവർത്തനങ്ങൾ**

- ✓ **ഹൈടെക് ഫാമിംഗ്:** സംരക്ഷിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2015-2020 കാലയളവിൽ 253 പോളീഹൗസുകൾ സ്ഥാപിക്കുകയും 17.75 ഹെക്ടറിൽ പച്ചക്കറി പുഷ്പ-വിള കൃഷി നടപ്പിലാക്കുകയും ചെയ്തു. കാലപ്പഴക്കം, പ്രകൃതിക്ഷോഭം എന്നിവ മുഖാന്തിരം നാശനഷ്ടം സംഭവിച്ച പോളീഹൗസുകളുടെ അറ്റകുറ്റ പണികൾക്കും മിഷൻ സാമ്പത്തിക സഹായം നൽകി.

- ✓ സംരക്ഷിത കൃഷിയിൽ, നാച്ചുറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ച്ചർ സിസ്റ്റം, പ്ലാസ്റ്റിക് മൾച്ചിംഗ്, ഷെയ്ഡ്നെറ്റ് ഹൗസ്-ട്യുബുലാർ സ്ട്രക്ച്ചർ എന്നിവ 174 ഹെക്ടറിൽ നടപ്പിലാക്കി. ഇതിലേയ്ക്കായി 1275.00 ലക്ഷം രൂപ ചെലവഴിച്ചു. ഇതിനുപുറമേ 65 ഹെക്ടറിൽ കൃഷി ചെയ്യാൻ ആവശ്യമായ മൂല്യം കൂടിയ പച്ചക്കറി വിളകൾ, ഓർക്കിഡ് ഉൾപ്പെടെയുള്ള പുഷ്പവിളകൾ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 530.00 ലക്ഷം രൂപ വിനിയോഗിച്ചു.

- ✓ മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെൻറ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്) പദ്ധതി പ്രകാരം നടീൽ വസ്തുക്കളുടെ ഉത്പാദനം ലക്ഷ്യമാക്കി പൊതുമേഖലയിൽ 3 ഹൈടെക് നഴ്സറികളും, പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി 10 ചെറുകിട നഴ്സറികളും സ്ഥാപിക്കുന്നതിനായി 115.54 ലക്ഷം രൂപ വിനിയോഗിച്ചു.
- ✓ 2 ടിഷ്യുക്കൾച്ചർ ലാബിന്റെ പുനരുദ്ധാരണത്തിനായി 26.30 ലക്ഷം രൂപയും ഒരു പുതിയ ടിഷ്യുക്കൾച്ചർ ലാബ് സ്ഥാപിക്കുന്നതിനായി 10.00 ലക്ഷം രൂപയും ചിലവഴിച്ചിട്ടുണ്ട്.
- ✓ സുഗന്ധവ്യഞ്ജനങ്ങളുടെ ഗുണനിലവാര നിർണ്ണയത്തിനായി 200 ലക്ഷം രൂപ ചെലവിൽ കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിൽ ക്വാളിറ്റി കൺട്രോൾ ലാബ് സ്ഥാപിച്ചു.
- ✓ അത്യുത്പാദന ശേഷിയുള്ള നടീൽവസ്തുക്കളുടെ ഇറക്കുമതിയ്ക്കും അവയുടെ വർദ്ധിത പ്രവർത്തനത്തിനുമായി വയനാട് അമ്പലവയലിലെ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന് 100.00 ലക്ഷം രൂപ അനുവദിച്ച് ടിഷ്യുക്കൾച്ചർ ലാബിന്റെ നിർമ്മാണം പൂർത്തീകരിച്ചു.
- ✓ വിത്തുത്പാദനത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി പാലക്കാട് ജില്ലയിൽ 90.00 ലക്ഷം രൂപ ചെലവിൽ വി.എഫ്.പി.സി.കെ. മുഖേന വിത്തുത്പാദന കേന്ദ്രം സ്ഥാപിച്ചു. കൂടാതെ 58.00 ലക്ഷം രൂപ ചിലവിൽ കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ ഗവേഷണ സ്ഥാപനങ്ങളിലായി വിത്തുത്പാദന കേന്ദ്രങ്ങൾ നിർമ്മിച്ചു വരുന്നു.

- ✓ സംയോജിത രോഗകീട നിയന്ത്രണം പ്രോത്സാഹിപ്പിക്കുന്നതിനായി 1 ഡിസീസ് ഫോർകാസ്റ്റിംഗ് യൂണിറ്റ്, 3 ബയോകൺട്രോൾ ലാബുകൾ, 4 പ്ലാന്റ് ഹെൽത്ത്

ക്ലിനിക്കുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ ഒരു ബയോ കൺട്രോൾ ലാബ് 90 ലക്ഷം രൂപ ചെലവിൽ കേരള കാർഷിക സർവ്വകലാശാലയിലാണ് സ്ഥാപിച്ചിട്ടുള്ളത്.

- ✓ കാർഷിക ഉത്പന്നങ്ങളുടെ വിളവെടുപ്പാനന്തര പരിപാലനം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 131.368 ലക്ഷം രൂപ ചിലവിൽ 55 പായ്ക്ക് ഹൗസുകൾ സ്ഥാപിച്ചു.

- ✓ കാർഷിക ഉത്പന്നങ്ങളുടെ ശീതീകരണത്തിനായി 4 ശീതീകരണ യുണിറ്റുകൾ, 3 സഞ്ചരിക്കുന്ന ശീതീകരണ ശാലകൾ, 21 പൂസ്സാ സീറോ എനർജി കൂൾ ചേമ്പറുകൾ എന്നിവ സ്ഥാപിക്കുന്നതിനായി 54.94 ലക്ഷം രൂപ ചെലവഴിച്ചു.

- ✓ വിളവെടുപ്പിന് ശേഷം ഫലവർഗ്ഗങ്ങൾ വിൽപ്പനയ്ക്ക് പാകപ്പെടുത്തിന്നതിനായി 18.19 ലക്ഷം രൂപ ചിലവിൽ 53 റൈപ്പനിംഗ് ചേമ്പറുകളും 49.63 ലക്ഷം രൂപ വിനിയോഗിച്ച് ഹോർട്ടിക്കൾച്ചർ ഉത്പ്പന്നങ്ങളുടെ 6 ചെറുകിട സംസ്കരണ യൂണിറ്റുകളും 2.98475 ലക്ഷം രൂപ വിനിയോഗിച്ച് ഫലവർഗ്ഗങ്ങളുടെയും പച്ചക്കറികളുടേയും സംസ്കരണ ത്തിനായി 8 പ്രിസർവേഷൻ യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്.

- ✓ കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പ് വരുത്തികൊണ്ട് വിപണന സൗകര്യം ഉറപ്പാക്കുന്നതിനായി വിപണികളുടെ അടിസ്ഥാന സൗകര്യവികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് വഴി 6 ഗ്രാമീണവിപ ണികളും, ആലപ്പുഴ ജില്ലയിലെ ചെന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത് വഴി ഒരു ഗ്രാമീണ വിപണിയും, വി.എഫ്.പി.സി.കെ മുഖാന്തിരം കൊല്ലം ജില്ലയിൽ 2 ഗ്രാമീണ വിപണി കളും, പാലക്കാട്, പത്തനംതിട്ട, കണ്ണൂർ, കാസറഗോഡ് ജില്ലകളിലായി ഓരോ ഗ്രാമീണ വിപണികൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകി. കൂടാതെ, മലയോര പ്രദേശ ങ്ങളിൽ 3 ഗ്രാമീണ വിപണികളും 11 ചെറുകിട വിപണികളും 129 സ്റ്റാറ്റിക് / മൊബൈൽ വിൽപ്പന ശാലകളും സ്ഥാപിക്കുന്നതിനും ധനസഹായം നൽകി.

- ✓ കാർഷിക സാങ്കേതിക വിദ്യയുടെ വ്യാപനത്തിനായി ഈ കാലയളവിൽ 30 മുൻനിര പ്രദർശനം (ഫ്രണ്ട്ലൈൻ ഡെമോൺസ്ട്രേഷൻ) നടപ്പിലാക്കി.

- ✓ കൂൺകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 153.7 ലക്ഷം രൂപ ചെലവിൽ 503 കൂൺ ഉത്പാദന യൂണിറ്റുകളും, 5 കൂൺ വിത്തുത്പാദന യൂണിറ്റുകളും സ്ഥാപിച്ചു.

- ✓ 2018-19, 2019-20 കാലയളവിലെ പ്രളയങ്ങളുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിലു ണ്ടായ വിള നഷ്ടവും കാർഷിക പ്രതിസന്ധിയും തരണം ചെയ്യുന്നതിലേയ്ക്കായി മിഷൻ ഫോർ ഇന്റെഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ സ്പെഷ്യൽ പായ്ക്കേജിൽ പദ്ധതിയിൽ ഉൾപ്പെടുത്തി 2018-19 വർഷം സ്പെഷ്യൽ പാക്കേജ് ആയി 9339.5 ലക്ഷം രൂപ അനുവദിച്ചു. ഇതുപ്രകാരം പുതിയ കൃഷി തോട്ടങ്ങ ളുടെ സ്ഥാപനം, വിളവിസ്തൃതി വ്യാപനം എന്നീ ശീർഷകങ്ങളിൽ വാഴ, കൈതചക്ക, സ്ട്രോബറി, ദീർഘകാല വിളകളായ പ്ലാവ്, മാവ്, സങ്കരയിനം പച്ചക്കറികൾ, സുഗന്ധ

വ്യജ്ഞന വിളകൾ, തോട്ടവിളകൾ തുടങ്ങിയ വിളകൾക്ക് പദ്ധതി സഹായം അനുവദി ച്ചിട്ടുണ്ട്.

- ✓ യന്ത്രവത്ക്കരണത്തിലൂടെ കൃഷിച്ചെലവ് പരമാവധി കുറച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം ത്വരിതപ്പെടുത്തുന്നതിനായി 53 ട്രാക്ടറുകൾ, 1021 പവ്വർ ടില്ലറുകൾ, 1177 സ്വയം പ്രവർത്തിക്കുന്ന (സെൽഫ് പ്രൊപ്പെൽഡ്) ഹോർട്ടിക്കൾച്ചർ യന്ത്രങ്ങൾ, 1481 സ്പ്രേയറുകൾ, 87 എക്കോ ഫ്രീലി ലൈറ്റ് ട്രാപ്പുകൾ എന്നിവ ഈ കാലയളവിൽ കർഷ കർക്ക് ലഭ്യമാക്കി. ഇതിലേയ്ക്കായി 2192.28 ലക്ഷം രൂപ വിനിയോഗിച്ചു.

- ✓ വിളവിസ്തൃതി വർദ്ധിപ്പിക്കുന്നതിന്/ പുതിയ കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കുന്ന തിനുമുള്ള പദ്ധതികളുടെ ഭാഗമായി 12950 ഹെക്ടറിൽ മാവ്, കൈതച്ചക്ക, പപ്പായ, ടിഷ്യുക്കൾച്ചർ വാഴ, സങ്കരയിനം പച്ചക്കറികൃഷി എന്നിവയ്ക്കായി 3262.80 ലക്ഷം രൂപ വിനിയോഗിച്ചു. ഇതിന് പുറമേ 937 ഹെക്ടറിൽ മാവ്, പ്ലാവ് എന്നീ ഫലവൃക്ഷങ്ങളുടെ കൃഷി വ്യാപനത്തിനായി 167.12 ലക്ഷം രൂപയും ധനസഹായം നൽകി.

- ✓ 990 ഹെക്ടർ സ്ഥലത്ത് പുഷ്പകൃഷി വ്യാപനത്തിനായി 330.27 ലക്ഷം രൂപ ധനസ ഹായം നൽകി.

- ✓ 7293.4 ഹെക്ടറിൽ ഇഞ്ചി/മഞ്ഞൾ എന്നീ സുഗന്ധവ്യഞ്ജന വിളകളുടേയും 6579.63 ഹെക്ടറിൽ ദീർഘകാല സുഗന്ധവ്യഞ്ജന വിളയായ കുരുമുളക്, 206.64 ഹെക്ടറിൽ സുഗന്ധതൈലവിളകൾ 400.45 ഹെക്ടറിൽ കശുമാവ്/കൊക്കോ എന്നീ തോട്ടവിളകൾ എന്നിവയുടെ വിളവിസ്തൃതി വ്യാപനത്തിനായി 2301.27 ലക്ഷം രൂപ ധനസഹായം നൽകി

- ✓ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ 4500 ഹെക്ടർ പ്രദേശത്ത് ശീതകാല പച്ചക്കറി കൃഷിയ്ക്കായി 675.00 ലക്ഷം രൂപ ഈ കാലയളവിൽ വിനിയോഗിച്ചിട്ടുണ്ട്. ഇതിന് പുറമേ ശീതകാല പച്ചക്കറി സംഭരണ ത്തിനും, വിപണനത്തിനും വട്ടവട ഗ്രാമ പഞ്ചായത്തിലെ ഊർക്കാട് പ്രദേശത്ത് മാർക്കറ്റ് കോംപ്ളക്സ് പണിയുന്നതിനായി 244.90 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.

- ✓ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം കൂൺ, പഴം-പച്ചക്കറി സംസ്കര ണത്തിനായി 22 സംസ്കരണ യൂണിറ്റുകൾ 40.50 ലക്ഷം രൂപ ധനസഹായത്തിൽ സ്ഥാപിച്ചു.

- ✓ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം വട്ടവട, കാന്തല്ലൂർ പ്രദേശങ്ങ ളിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 134.35236 ലക്ഷം രൂപ ചെലവിൽ 12 ജലസേചന ചെക്ക് ഡാമുകൾ പൂർത്തീകരിച്ചു.

- ✓ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ മുതലമട സമഗ്ര മാവ് വികസന പദ്ധതിയുടെ ഭാഗമായി മാവിന്റെ വിളവിസ്തൃതി വ്യാപനം (160

ഹെക്ടർ), കൃഷി പുനരുദ്ധാരണം(235 ഹെക്ടർ), ജല സംഭരണികളുടെ നിർമ്മാണം, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം, സസ്യ സംരക്ഷണ സ്പ്രെയറുകൾ, പ്രദർശന തോട്ടങ്ങൾ എന്നിവയ്ക്കായി 177.58 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

- ✓ പ്രധാൻമന്ത്രി കൃഷി സീഞ്ചായ് യോജന എന്ന പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ 5 വർഷങ്ങളിലായി 548.8 ലക്ഷം രൂപ ചെലവഴിച്ച് 3000 ഹെക്ടർ സ്ഥലത്തെ കാർഷിക വിളകൾക്ക് സൂക്ഷ്മ ജലസേചന സൗകര്യം ഉണ്ടാക്കി 4160 കർഷകർക്ക് പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചു.
- ✓ ഇൻഡോ-ഡച്ച് സംയുക്ത കർമ്മ പദ്ധതിയുടെ ഭാഗമായി 13 കോടി രൂപ ചെലവിൽ പച്ചക്കറി-പുഷ്പ വിളകളുടെ മികവിന്റെ കേന്ദ്രത്തിന് വയനാട് ജില്ലയിലെ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ തുടക്കമിട്ടു.
- ✓ PGS സർട്ടിഫിക്കേഷൻ സാധ്യമാക്കി ജൈവകൃഷി പ്രോത്സാഹന പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) സംസ്ഥാനത്തെ ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ 7 ജില്ലകളിൽ നടപ്പിലാക്കുന്നു. 500 ക്ലസ്റ്ററുകളിലെ (എസ്.എച്ച്.എം.-കേരള മുഖേന 193, വി.എഫ്.പി.സി.കെ മുഖേന 98, കൃഷി വകുപ്പ് മുഖേന 209) ജൈവകൃഷിയാണ് ഹോർട്ടിക്കൾച്ചർ മിഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. ക്ലസ്റ്റർ രൂപീകരണം, പരിശീലനം, മണ്ണ് സാമ്പിൾ ശേഖരണം, എക്സ്പോഷർ വിസിറ്റ് എന്നീ ഘടകങ്ങൾക്കായി നാളിതുവരെ 584.82889 ലക്ഷം ചെലവഴിച്ചിട്ടുണ്ട്.

- ✓ **തേനുത്പാദന പ്രവർത്തനങ്ങൾ:** സംസ്ഥാനത്ത് തേനീച്ച വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഹണി മിഷൻ, തേനീച്ച വളർത്തലിലൂടെ പരാഗണ പിന്തുണ എന്നീ പദ്ധതികളിലൂടെ ഹോർട്ടികോർപ്പ് മുഖേന പ്രതിവർഷം ശരാശരി 2000 തേനീച്ച കർഷകർക്ക് 210.00 ലക്ഷം രൂപ ധനസഹായമായി നൽകി വരുന്നു. തേനീച്ച വളർത്തൽ, തേൻ, തേനീച്ച മെഴുക് എന്നിവയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവ സംബന്ധിച്ച് കർഷകർക്ക് പരിശീലന പരിപാടികളും തുടർ പരിശീലനങ്ങളും ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. മാവേലിക്കരയിലെ തേൻ സംസ്ക്കരണ യൂണിറ്റിന്റെ വിപുലീകരണത്തിന് 50 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

- ✓ ഔഷധസസ്യ വിപുലികരണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, പാലോടുള്ള ജവഹർലാൽ നെഹ്റു ബോട്ടാണിക്കൽ ഗാർഡനിൽ 4 ഹെക്ടർ വിസ്തൃതിയിൽ പ്രതിവർഷം 3 ലക്ഷം നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുവാൻ കഴിയുന്ന ഔഷധ സസ്യങ്ങളുടെ മോഡൽ നഴ്സറി സ്ഥാപിച്ചു. പദ്ധതിയ്ക്കായി 18.6 ലക്ഷം രൂപ അനുവദിച്ചു. ഇതിന് പുറമേ, ഔഷധ സസ്യങ്ങളുടെ പ്രചരാണാർത്ഥം കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കാസർകോഡ് ജില്ലകളിലെ വിവിധ സ്ഥാപനങ്ങളിൽ 9 ഔഷധ സസ്യ പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുകയുണ്ടായി.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾക്കായി 2016-17 മുതൽ 2020-21 വരെ ലഭിച്ച കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ, ജില്ലകൾക്ക് നൽകിയ ഫണ്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതി | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ |
|---|---|---|---|---|
| 2016-17 | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (കേന്ദ്ര പദ്ധതി) | 31,68,28,800.00 | 21,12,19,200.00 | 52,80,48,000.00 |
| | ഹൈടെക് ഫാമിംഗ (സംസ്ഥാന പദ്ധതി) | | 80,00,000.00 | 80,00,000.00 |
| | രാഷ്ട്രീയ കൃഷി വികാസ് യോജന (കേന്ദ്ര പദ്ധതി) | 5,77,56,000.00 | 3,85,04,000.00 | 9,62,60,000.00 |
| | ആകെ | **37,45,84,800.00** | **25,77,23,200.00** | **63,23,08,000.00** |
| 2017-18 | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (കേന്ദ്ര പദ്ധതി) | 30,79,99,800.00 | 20,53,33,200.00 | 51,33,33,000.00 |
| | ഹൈടെക് ഫാമിംഗ് (സംസ്ഥാന പദ്ധതി) | | 90,00,000.00 | 90,00,000.00 |
| | രാഷ്ട്രീയ കൃഷി വികാസ് യോജന (കേന്ദ്ര പദ്ധതി) | 4,48,86,000.00 | 2,99,24,000.00 | 7,48,10,000.00 |
| | പരമ്പരാഗത് കൃഷി വികാസ് യോജന (കേന്ദ്ര പദ്ധതി) | 9,63,65,100.00 | 6,42,43,400.00 | 16,06,08,500.00 |
| | ഗാർഡനർമാർക്കായുള്ള നൈപുണ്യ വികസന പരിശീലന പരിപാടി (സംസ്ഥാന പദ്ധതി) | | 76,10,000.00 | 76,10,000.00 |
| | നഴ്സറികൾക്കായുള്ള ഗ്രാന്റ് (സംസ്ഥാന പദ്ധതി) | | 27,50,000.00 | 27,50,000.00 |
| | തേനുത്പാദനത്തിന് ധനസഹായം (സംസ്ഥാന പദ്ധതി) | | 1,50,00,000.00 | 1,50,00,000.00 |
| | ആകെ | **44,92,50,900.00** | **33,38,60,600.00** | **78,31,11,500.00** |
| 2018-19 | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (കേന്ദ്ര പദ്ധതി) | 11,12,50,200.00 | 7,41,66,800.00 | 18,54,17,000.00 |
| | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ-സ്പെഷ്യൽ പായ്ക്കേജ് (കേന്ദ്ര പദ്ധതി) | 24,93,49,980.00 | 16,62,33,320.00 | 41,55,83,300.00 |
| | രാഷ്ട്രീയ കൃഷി വികാസ് യോജന (കേന്ദ്ര പദ്ധതി) | 14,62,95,000.00 | 975,30,000.00 | 24,38,25,000.00 |
| | ആകെ | **36,06,00,180.00** | **48,42,25,120.00** | **84,48,25,300.00** |
| 2019-20 | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ-സ്പെഷ്യൽ പായ്ക്കേജ് (കേന്ദ്ര പദ്ധതി) | 28,01,49,840.00 | 18,67,66,560.00 | 46,69,16,400.00 |
| | രാഷ്ട്രീയ കൃഷി വികാസ് യോജന (കേന്ദ്ര പദ്ധതി) | 88,21,200.00 | 58,80,800.00 | 1,47,02,000.00 |
| | ആകെ | **28,89,71,040.00** | **19,26,47,360.00** | **48,16,18,400.00** |

| | | | | |
|---|---|---|---|---|
| 2020-21 | മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (കേന്ദ്ര പദ്ധതി) | 41,33,54,400.00 | 27,55,69,600.00 | 68,89,24,000.00 |
| | രാഷ്ട്രീയ കൃഷി വികാസ് യോജന (കേന്ദ്ര പദ്ധതി) | 44,50,200.00 | 29,66,800.00 | 74,17,000.00 |
| | റീബിൽഡ് കേരള ഇൻഷ്യേറ്റീവ് (സെന്റർ ഓഫ് എക്സെലൻസ്) | | 2,26,800.00 | 2,26,800.00 |
| | തേനുത്പാദനത്തിന് ധനസഹായം (സംസ്ഥാന പദ്ധതി) | | 25,00,000.00 | 25,00,000.00 |
| | പ്രധാനമന്ത്രി കൃഷി സീഞ്ചായ് യോജന (സംസ്ഥാന പദ്ധതി) | | 2,31,30,300.00 | 2,31,30,300.00 |
| | ആകെ | 35,78,37,300.00 | 26,44,15,300.00 | 62,22,52,600.00 |
| 2021-22 | റീബിൽഡ് കേരള ഇൻഷ്യേറ്റീവ് (സെന്റർ ഓഫ് എക്സെലൻസ്) | | 80,00,000.00 | 80,00,000.00 |
| | ആകെ | | 80,00,000.00 | 80,00,000.00 |

| ജില്ല | നൽകിയ ഫണ്ട് | | | | |
|---|---|---|---|---|---|
| | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
| തിരുവനന്തപുരം | 4,44,13,800.00 | 2,07,00,915.00 | 3,64,70,163.00 | 1,89,99,031.00 | 2,11,85,423.00 |
| കൊല്ലം | 2,47,00,000.00 | 1,72,75,362.00 | 2,82,71,750.00 | 3,48,47,194.00 | 2,11,43,189.00 |
| പത്തനംതിട്ട | 2,20,00,000.00 | 1,53,85,016.00 | 3,28,25,728.00 | 2,45,29,077.00 | 1,74,98,059.00 |
| ആലപ്പുഴ | 3,56,00,000.00 | 2,06,50,000.00 | 4,45,22,755.00 | 2,62,38,815.00 | 2,13,01,175.50 |
| കോട്ടയം | 3,95,00,000.00 | 2,50,30,630.00 | 6,21,67,450.00 | 3,11,80,794.00 | 2,61,97,388.00 |
| ഇടുക്കി | 11,00,00,000.00 | 6,39,94,690.00 | 6,74,73,289.00 | 17,62,10,355.00 | 6,82,30,557.00 |
| എറണാകുളം | 4,70,00,000.00 | 3,67,50,000.00 | 4,90,60,000.00 | 7,43,69,574.00 | 2,75,47,442.00 |
| തൃശ്ശൂർ | 4,10,00,000.00 | 2,64,50,000.00 | 3,67,14,892.00 | 5,17,38,618.00 | 4,07,84,331.00 |
| പാലക്കാട് | 2,40,73,134.00 | 2,89,43,882.00 | 3,90,76,705.00 | 6,57,24,252.00 | 3,21,24,699.00 |
| മലപ്പുറം | 2,70,00,000.00 | 3,31,50,000.00 | 3,80,39,500.00 | 13,47,50,363.00 | 2,89,89,500.50 |
| കോഴിക്കോട് | 2,65,00,000.00 | 2,08,25,532.00 | 2,78,96,000.00 | 2,99,28,228.00 | 2,24,83,474.00 |
| വയനാട് | 4,04,67,200.00 | 3,20,60,739.00 | 2,36,19,261.00 | 4,76,41,629.00 | 2,43,27,536.00 |
| കണ്ണൂർ | 2,00,00,000.00 | 2,59,01,095.00 | 3,45,84,765.00 | 3,21,38,510.00 | 1,84,69,480.00 |
| കാസറഗോഡ് | 1,75,00,000.00 | 1,65,80,961.00 | 1,89,13,058.00 | 3,64,50,000.00 | 1,49,35,905.00 |
| ആകെ | 51,97,54,134.00 | 38,38,98,822.00 | 54,08,15,336.00 | 78,47,48,440.00 | 38,52,18,159.00 |